പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1838 15/07/2016-ൽ മറുപടിയ്ക്ക്

## ആദിവാസിക്ഷേമത്തിന് കേന്ദ്ര-സംസ്ഥാന സംയോജിത സർക്കാർ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ<br>" എൽദോ എബ്രഹാം<br>" ഇ. ടി. ടൈസൺ മാസ്റ്റർ<br>" വി. ആർ. സുനിൽ കുമാർ : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എത്ര വകുപ്പുകളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ട്രൈബൽ അഫേഴ്സിൽനിന്നും സംസ്ഥാന സർക്കാരിന്റെ പട്ടികവർഗ്ഗ വികസനവകുപ്പിൻ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.<br>തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വൈദ്യുതി വകുപ്പ്, ജലസേചന വകുപ്പ് മുതലായ സർക്കാർ വകുപ്പുകൾ അവരുടെ പദ്ധതികളുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് ചെലവഴിക്കുന്നുണ്ട്. |
| (ബി) | ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും എത്ര തുക വീതം അനുവദിച്ചതെന്നും ഏതെല്ലാം ഇനങ്ങളിലായി ചെലവഴിക്കാനാണ് തീരുമാനിച്ചതെന്നും വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്നും 2011-12 വർഷങ്ങളിലായി പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനായുള്ള പാക്കേജിന് 4 വർഷങ്ങളിലായി അനുവദിച്ച 148 കോടി രൂപയും കൺസർവേഷൻ കം ഡവലപ്പ്മെന്റ് പദ്ധതിയ്ക്ക് 2012-13 വർഷം ലഭിച്ച 1210 ലക്ഷം രൂപയുടെ പദ്ധതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ആദിവാസി ഭവനപദ്ധതി, റോഡ് നിർമ്മാണ പദ്ധതി, സാമൂഹിക അടുക്കള പദ്ധതി, സ്വയം പര്യാപ്തമാക്കാനുള്ള കാർഷിക പദ്ധതി എന്നിവ പരാജയപ്പെടാനുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭവന നിർമ്മാണ പദ്ധതി, റോഡ് നിർമ്മാണ പദ്ധതി, സാമൂഹിക അടുക്കള പദ്ധതി, സ്വയം പര്യാപ്തമാക്കാനുള്ള കാർഷിക പദ്ധതി എന്നിവ പരാജയപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതും ദുർഘടവും |

| | | | |
|---|---|---|---|
| | | | പൊതുഗതാതഗത സൗകര്യമില്ലാത്ത വനാന്തരങ്ങളിലുമാണ്. ഇത്തരം പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ചുമട്ടുകൂലിയിനത്തിൽ നല്ലൊരു ശതമാനം തുക ചെലവഴിക്കേണ്ടി വരുന്നതിനാൽ തുക അപര്യാപ്തമായി വരുന്നു. പ്രകൃതി ക്ഷോഭം, നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം എന്നിവ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തിയാക്കുന്നതിന് ചിലയിടങ്ങളിൽ തടസ്സമാകുന്നുണ്ട്. ആയത് പദ്ധതി പൂർത്തീകരണത്തെ ബാധിക്കുന്നു. |

സെക്ഷൻ ഓഫീസർ

ലൈബ്രറിയിൽ ലഭ്യമാണ്